# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 4**

---

**<u>എം.ജി ബിരുദാനന്തര ബിരുദ ഏകജാലകം രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു</u>**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഏകജാലക പ്രവേശനത്തിൻറെ രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

രണ്ടാം അലോട്ട്മെൻറ് ലഭിച്ചവർ നിശ്ചിത സർവ്വകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് പ്രവേശനം ഓൺലൈനിൽതന്നെ ഉറപ്പാക്കണം. സ്ഥിര പ്രവേശനം നേടുന്നവർ കോളജുകളിൽ നേരിട്ടെത്തി ട്യൂഷൻ ഫീസ് അടച്ച് പ്രവേശനം സ്ഥിരീകരിക്കണം.

താത്കാലിക പ്രവേശനത്തിന് കോളജുകളിൽ നേരിട്ട് എത്തേണ്ടതില്ല. സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് താത്കാലിക പ്രവേശനം തിരഞ്ഞെടുക്കുമ്പോൾ ലഭിക്കുന്ന അലോട്ട്മെൻറ് മെമ്മോ കോളജുകളിലേക്ക് ഈ മെയിൽ ചെയ്ത് ജൂലൈ ആറിനു മുൻപ് താത്കാലിക പ്രവേശനം ഉറപ്പാക്കണം. ഇതിൻറെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.പ്രവേശവനവുമായി ബന്ധപ്പെട്ട് പരാതികളുണ്ടെങ്കിൽ സമർപ്പിക്കുന്നതിന് കൺഫർമേഷൻ സ്ലിപ്പ് ആവശ്യമാണ്.

ഒന്നാം ഓപ്ഷൻ അലോട്ട് ചെയ്യപ്പെട്ടവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനം എടുക്കുന്നതിന് ക്രമീകരണമില്ല . ജൂലൈ ആറിനു വൈകുന്നേരം നാലിനു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ച ശേഷം പ്രവേശനം ഉറപ്പാക്കാത്തവരുടെയും അലോട്ട്മെൻറ് റദ്ദാക്കപ്പെടും.

ഒന്നാം അലോട്ട്മെൻറിൽ പ്രവേശനം എടുത്തവർക്ക് രണ്ടാം അലോട്ട്മെൻറിലും അതേ സ്ഥിതിയാണെങ്കിൽ ഇവർ കോളജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല.

ഒന്നാം അലോട്ട്മെൻറിൽ താത്കാലിക പ്രവേശനം എടുത്തവർക്ക് രണ്ടാം അലോട്ട്മെൻറിൽ മറ്റൊരു പ്രോഗ്രാമിലേക്കോ കോളേജിലേക്കോ ഹയർ ഓപ്ഷൻ വഴി

അലോട്ട്മെന്റ് ലഭിച്ചാൽ ഇവർ മോഡ് ഓഫ് അഡ്മിഷൻ സെലക്ട് ചെയ്ത് പ്രസ്തുത കോളജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കണം.

(പി.ആർ.ഒ/39/744/2023)

## ബി.എഡ്; ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കേന്ദ്രങ്ങളിലെ ബി.എഡ് കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൻറെ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിലെ ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ ജൂലൈ ആറിന് വൈകുന്നേരം നാലിനു മുൻപ് കോളജുകളുമായി ബന്ധപ്പെട്ട് പ്രവേശനം നേടണം.

(പി.ആർ.ഒ/39/745/2023)

## കരാർ നിയമനം; അപേക്ഷ ക്ഷണിച്ചു

കോട്ടയം തലപ്പാടിയിലെ മഹാത്മാഗാന്ധി സർവകലാശാലയുടെ അന്തർ സർവകലാശാലാ ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ടെക്നീഷ്യൻ/ഇലക്ട്രീഷ്യൻ സബ്സ്റ്റേഷൻ ഓപ്പറേറ്റർ തസ്തികയിൽ രണ്ട് ഒഴിവുകളിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഐ.ടി.ഐ ആണ് അടിസ്ഥാന യോഗ്യത. ഒരു വർഷത്തേക്കാണ് നിയമനം. നൈറ്റ് ഷിഫ്റ്റിൽ ജോലി ചെയ്യാൻ തയ്യാറായിരിക്കണം. പ്രതിമാസ വേതനം 19710 രൂപ.

വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം careeriucbr@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ഐ.യു.സി.ബി.ആർ ഓഫീസിൽ നേരിട്ടോ ജൂലൈ 18 വരെ സമർപ്പിക്കാം.

മാർച്ച് 14ലെ 16/എ1/2023/ഐയുസിബിആർ ആൻറ് എസ്എസ്എച്ച് വിജ്ഞാപന പ്രകാരം അപേക്ഷ നൽകിയവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഫോൺ: 9495017662

(പി.ആർ.ഒ/39/746/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ജൂലൈ 21ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഐ.എം.സി.എ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷനുകൾ സപ്ലിമെൻറി), ഡി.ഡി.എം.സി.എ(2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂലൈ 10 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷ നൽകാം.

പിഴയോടു കൂടി ജൂലൈ 11നും സൂപ്പർ ഫൈനോടു കൂടി ജൂലൈ 12നും അപേക്ഷ സ്വീകരിക്കും.

......................................

ഒന്നു മുതൽ നാലു വരെ വർഷ ബി.എസ്.സി നേഴ്സിംഗ്(2016 അഡ്മിഷൻ സപ്ലിമെൻററി, 2012 മുതൽ 2015 വരെ അഡ്മിഷനുകൾ സ്പെഷ്യൽ സപ്ലിമെൻററി, 2010,2011 അഡ്മിഷനുകൾ - നേഴ്സിംഗ് കൗൺസിലിൻറെ ബേസിക് പരീക്ഷകൾ വിജയിച്ചവർക്കു മാത്രം രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂലൈ 18 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ജൂലൈ 19 ന് പിഴയോടു കൂടിയും ജൂലൈ 20ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

ഒരു പേപ്പറിന് 45 രൂപ നിരക്കിൽ(പരമാവധി 270 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാ ഫിസിനൊപ്പം അടയ്ക്കണം. രണ്ടാം മെഴ്സി ചാൻസ് എഴുതുന്നവർ 8110 രൂപ സ്പെഷ്യൽ ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/747/2023)

## പരീക്ഷാ കേന്ദ്രം മാറ്റി

വാഴത്തോപ്പ്, ഗിരിജ്യോതി കോളജിൻറെ പ്രവർത്തനം നിർത്തിയതായി അറിയിച്ചതിനാൽ ഈ കേന്ദ്രത്തിൽ സി.ബി.സി.എസ്, സി.ബി.സി.എസ്.എസ്(ബി.എ, ബി.കോം) സപ്ലിമെൻററി പരീക്ഷ ഏഴുതേണ്ടിയിരുന്ന വിദ്യാർഥികൾക്ക് മുരിക്കാശ്ശേരി പാവനാത്മാ കോളജ് പരീക്ഷാ കേന്ദ്രമായി അനുവദിച്ച് വൈസ് ചാൻസസലർ ഉത്തരവിട്ടു.

(പി.ആർ.ഒ/39/748/2023)

## കോംപ്രിഹെൻസീവ് വൈവ വോസി

നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് മെയ് 2023 പരീക്ഷയുടെ(പ്രൈവറ്റ് രജിസ്ട്രേഷൻ - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജൂലൈ 12 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. പരീക്ഷയ്ക്ക് ഹാജരാകുന്ന വിദ്യാർഥികൾ ഡിസ്സെർട്ടേഷൻ(ലോംഗ് എസ്സെ) തയ്യാറാക്കി അന്ന് സമർപ്പിക്കണം.

(പി.ആർ.ഒ/39/749/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ അറബിക് - മെയ് 2023 പരീക്ഷയുടെ(പ്രൈവറ്റ് രജിസ്ട്രേഷൻ - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) വൈവ

വോസി പരീക്ഷകൾ ജൂലൈ 19,20 തീയതികളിൽ എറണാകുളം മഹാരാജാസ് കോളജിൽ നടക്കും.

(പി.ആർ.ഒ/39/750/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**